## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 156 18.06.2012 ലെ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) | കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളത്.<br><br>1. **ശാഖാശൃംഖലാ വിപുലീകരണം**<br><br>കെ.എസ്.എഫ്.ഇ.യുടെ ശാഖാ ശൃംഖല വ്യാപകമായി വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മൂന്നുവർഷങ്ങൾക്കുള്ളിൽ കേരളത്തിലെ എല്ലാ പഞ്ചായത്തിലും ശാഖകൾ ആരംഭിക്കുക എന്നതാണ് 2012-13 വർഷത്തെ ബഡ്ജറ്റിലെ പ്രഖ്യാപിതലക്ഷ്യം. അതിൻെറ മുന്നോടിയായി ഈ സാമ്പത്തികവർഷം നൂറു ശാഖകൾ സ്ഥാപിക്കു ന്നതാണ്. ഇതിൻെറ നടപടികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ഇപ്പോൾ കെ.എസ്.എഫ്.ഇ. യുടെ ശാഖകളുടെ എണ്ണം 400ൽ എത്തിനില്ക്കുകയാണ്.<br><br>2. **പണ്ടം പണയത്തിനുള്ള പ്രത്യേക യൂണിറ്റുകൾ**<br><br>സ്വർണ്ണപ്പണ്ടം പണയത്തിൻെറ പേരിൽ കഴുത്തറപ്പൻ പലിശനിരക്കുകൾ ജനങ്ങളിൽ അടിച്ചേല്പിക്കുന്ന ചില സ്വകാര്യസ്ഥാപനങ്ങളുടെ ചൂഷണങ്ങളിൽ നിന്നും പൊതുജനങ്ങളെ സംരക്ഷിക്കാൻ കേരളത്തിലെമ്പാടും സ്വർണ്ണപ്പണ്ട പണയത്തിനായി പ്രത്യേകം സ്വർണ്ണപണ്ട പണയയൂണിറ്റുകൾ കെ.എസ്.എഫ്.ഇ. ആരംഭിയ്ക്കുന്നതാണ്. ഇത്തരത്തിലുള്ള നൂറു യൂണിറ്റുകൾ ഈ സാമ്പത്തിക വർഷം ആരംഭിയ്ക്കുന്നതാണ് |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.എഫ്.ഇ യെ കൂടുതൽ ജന കീയമാക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാ ക്കാമോ ? | (ബി) | കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് നിരവധി പദ്ധതികൾ 2011-12ലെയും 2012 -13ലെയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ , വന്നശേഷം അവതരിപ്പിച്ച ആദ്യ ബഡ്ജറ്റിൽ വിദ്യാധനം വിദ്യാഭ്യാസപദ്ധതി പ്രഖ്യാപിക്കുകയും അതെ തുടർന്ന് നടപ്പിലാക്കുകയും ഉണ്ടായി. പ്രൊഫഷണൽ വിദ്യാഭ്യാസ കോഴ്സുകൾക്ക് ചേരുന്ന കേരളത്തിലെ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന ഒരു വായ്പാ പദ്ധതിയാണ് വിദ്യാധനം വിദ്യാഭ്യാസ വായ്പ പദ്ധതി. വിദ്യാർത്ഥീ വിദ്യാർത്ഥിനികളുടെ വിദ്യാഭ്യാസാവശ്യങ്ങൾക്കുള്ള തുക വായ്പയായി ഈപദ്ധതിപ്രകാരം നല്കുന്നതാണ്. വിദ്യാഭ്യാസം പൂർത്തിയാക്കി ഒരു വർഷത്തിനു ശേഷം അഥവാ ഉദ്യോഗം ലഭിക്കുന്ന അന്നുമുതൽ വായ്പയുടെ തിരിച്ചടവ് ആരംഭിച്ചാൽ മതിയാകും. 13.5 ശതമാനമാണ് പലിശനിരക്ക്. എന്നാൽ സാമ്പത്തികമായി പിന്നോക്കം നില്കുന്ന വിഭാഗങ്ങൾക്ക് ഈ നിരക്ക് 12 ശതമാനമേ ഉള്ളൂ. 2012-13ലെ ബഡ്ജറ്റിൽ പുതിയ മൂന്നു പദ്ധതികളാണ് പ്രഖ്യാപിച്ചത്<br><br>1. **<u>കെ.എസ്.എഫ്.ഇ. ഹരിതം</u>**<br><br>ആഗോളതാപനം മൂലമുള്ള ദൂഷ്യഫലങ്ങൾ കുറയ്ക്കുവാനും ഊർജ്ജ ഉറവിടം നിലനിർത്തുവാനും, വൈദ്യുതി ഉപഭോഗം കുറയ്ക്കുവാനും പരിസ്ഥിതി സൗഹൃദ ഊർജ്ജ സമ്പാദ്യ ഉപകരണങ്ങൾ വാങ്ങുന്നതിന് കെ.എസ്.ഫ്.ഇ. ഹരിതം പദ്ധതിയിലൂടെ 10 കോടിരൂപാ വായ്പനൽകാൻ ലക്ഷ്യമിടുന്നു.<br>2. **<u>നൈപുണ്യ വികസനത്തിനുള്ള വായ്പ</u>**<br>യുവജനങ്ങൾക്ക് ആശയവിനിമയ ചാതുര്യം, കമ്പ്യൂട്ടർ പരിജ്ഞാനം എന്നിവ വികസിപ്പിക്കുന്നതിനുതകുന്ന നൈപുണ്യ വികസന കോഴ്സുകളിൽ ചേരാൻ കെ.എസ്.എഫ്.ഇ. ഈ സാമ്പത്തികവർഷം 10 കോടി രൂപ വായ്പ നൽകും. |

| | | | |
|---|---|---|---|
| | | | 3. <u>കെ.എസ്.എഫ്.ഇ. പ്രൊഫഷണൽ എഡ്യൂകെയർ പദ്ധതി</u><br>കുട്ടിക്കാലത്ത് തന്നെ സാമ്പത്തിക അച്ചടക്കവും നിക്ഷേപ സംസ്കാരവും വളർത്തുക എന്ന ലക്ഷ്യം മുൻ നിർത്തി കേരളത്തിലെ അഞ്ചാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സ്‌വരെയുള്ള കുട്ടികളുടെ മാതാപിതാക്കളെ ചേർത്തുകൊണ്ടുള്ള ചിട്ടികൾ ആരംഭിക്കും. ചിട്ടിവിളിച്ചെടുത്ത സംഖ്യ കെ.എസ്.എഫ്.ഇ.യിൽത്തന്നെ നിക്ഷേപിക്കുന്നതിന് പ്രോത്സാഹനമായി കൂടുതൽ പലിശ നൽകുന്നതാണ്.<br><br>ഈ പദ്ധതികൾ നടപ്പിലാക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരികയാണ്<br><br>ഇവകൂടാതെ ജനതാല്പര്യം മുൻനിർത്തി വിവിധ വായ്പാ പദ്ധതികളുടെ പരിധി ഉയർത്തിയിട്ടുണ്ട്. ചിട്ടി ലോണുകളുടെ പരിധി 25 ലക്ഷം രൂപയിൽനിന്ന് 50 ലക്ഷം രൂപയായി ഉയർത്തി. ഇതുപ്രകാരം സ്വർണ്ണപണ്ട പണയ വായ്പയുടെ ഉയർന്ന പരിധി 3 ലക്ഷത്തിൽനിന്നും 25 ലക്ഷമാക്കി ഉയർത്തി. വ്യക്തിഗത വായ്പ, കൺസ്യൂമർ വെഹിക്കിൾ ലോൺ എന്നിവയുടെ പരിധി 15 ലക്ഷമാക്കി. ഭവനവായ്പയുടെ പരിധിയാകട്ടെ 15 ലക്ഷത്തിൽനിന്നും അമ്പതുലക്ഷമാക്കി ഉയർത്തുകയും എല്ലാ ശാഖകളിലും ഭവനവായ്പ സൗകര്യം ഏർപ്പെടുത്തുകയും ചെയ്യും. |

**സെക്ഷൻ ഓഫീസർ**